TB Weekly Movie Review

**#moviepanel**

ക്ലാസ്സ്മേറ്റ്സ് ന്റെ ഓർമകൾക്ക് 15 വയസ്സ്

ഒന്നര പതിറ്റാണ്ട് മുമ്പുള്ള ഒരോണക്കാലം, സ്കൂളിൽ NSS (National Service Scheme)ന്റെ വകയായി ഒരു അത്തപൂക്കളം ഇടാൻ പിരിച്ച പൈസ മുഴുവൻ ഏൽപ്പിച്ചിരിക്കുന്നത് എന്നെയാണ്. അമ്പലപ്പുഴയിൽ പൂവ് കിട്ടുമെങ്കിലും ആലപ്പുഴ മുല്ലയ്ക്കൽ തെരുവിൽ പോയാൽ നല്ല ലാഭത്തിൽ കൂടുതൽ ഫ്രഷായിട്ടുള്ളത് കിട്ടും എന്നതുള്ളത് കൊണ്ട് പൂവിന്റെ ലോഡ് വരുന്ന അർദ്ധരാത്രി 12 മണിക്ക് തന്നെ അവിടെ എത്തണം എന്ന് ഞാൻ തീരുമാനിച്ചു.
കുടുംബത്തിൽ ബൈക്ക് ഉള്ള ഏക ആൾ കസിൻ ചേട്ടനാണ്. പുള്ളിയെ വിളിച്ച് കാര്യം പറഞ്ഞപ്പോൾ തിരിച്ചും ഒരു കണ്ടീഷൻ വെച്ചു. പോകുമ്പോൾ ഒരു സിനിമയും കണ്ടു വരാം ടിക്കറ്റ് കാശ് നീ എടുക്കണം. ബൈക്കിൽ പുറകിൽ പോകുന്ന ആൾ 2 പേരുടെയും സിനിമ ടിക്കറ്റിന്റെ കാശ് എടുക്കുന്നത് നാട്ടിലെ അലിഖിത നിയമം ആയതിനാൽ ഞാനും ok പറഞ്ഞു. ഓണപ്രതീക്ഷകളായ മോഹൻലാൽ (മഹാസമുദ്രം ), മമ്മൂട്ടി(ഭാർഗ്ഗവ ചരിതം), ദിലീപ് (ഡോൺ ) എന്നീ താര സിനിമകൾ ഒക്കെ അടുത്ത ആഴ്ചയെ എത്തൂ.ആകെ ഉള്ളത് അന്ന് റിലീസായ (25 Aug 2006,വെള്ളിയാഴ്ച) കുറച്ചു യുവ താരങ്ങൾ അഭിനയിച്ച ഒരു സിനിമയാണ്. ലാൽ ജോസ് സിനിമയാണെങ്കിലും വലിയ ഹൈപ്പ് ഒന്നും ഇല്ലാതെ എത്തിയ ആ സിനിമ കാണാൻ ആലപ്പുഴ Reyban സിനി ഹൌസിൽ ആകെ ഉണ്ടായിരുന്നത് കഷ്ടിച്ച് ഇരുപതോളം പേര് മാത്രമാണ്. സിനിമ കണ്ടിറങ്ങിയ ഞാനും ചേട്ടനും പറഞ്ഞു പടം കൊള്ളാമെല്ലോ കുഴപ്പമില്ലാതെ ഓടും എന്ന് തോന്നുന്നു. ഒരു മാസത്തിനുള്ളിൽ ഇതേ സിനിമ കാണാൻ ഇതേ തിയേറ്ററിൽ ഞാൻ വീണ്ടുമെത്തി. തിയേറ്ററിന്റെ ഉള്ളിൽ പോയിട്ട് അതിന്റ പരിസരത്തു പോലും അടുക്കാൻ കഴിഞ്ഞില്ല. എവിടെ ചെന്നാലും എല്ലാർക്കും പറയാൻ ഈ സിനിമയുടെ വിശേഷങ്ങൾ മാത്രം. കേരളത്തിലെ കുടുംബങ്ങൾ മുഴുവൻ ഒരിക്കൽ കൂടി തിയേറ്ററുകളിലേക്ക് ഒഴുകാൻ തുടങ്ങി. എന്തിന് സിനിമ ഇറങ്ങി ഒരു മാസം കഴിഞ്ഞ് ഏതോ ഒരു ബേക്കറിയിൽ ജ്യൂസ് കുടിക്കാൻ കേറിയ എന്നോട് അവിടുത്തെ ചേച്ചി കുശലം ചോദിച്ചത് ഈ സിനിമ കണ്ടോ എന്നാണ്. പുള്ളിക്കാരിക്ക് കഴിഞ്ഞ ദിവസം ടിക്കറ്റ് കിട്ടി അതിന്റ എക്സ്റ്റ്മെന്റിൽ ചോദിച്ചതാണ്. ഞാൻ പറഞ്ഞു "അതൊക്കെ റിലീസ് ആയ അന്ന് തന്നെ കണ്ടു ബോധിച്ചു". അന്ന് എന്റെ മനസ്സിൽ ഒരു ആഗ്രഹം തോന്നി , എന്നെങ്കിലും ഒരു സിനിമയുടെ ഭാഗം ആകുന്നെങ്കിൽ ഇതു പോലെ ഒന്നിന്റെ ഭാഗം ആകണം, അന്നു വരെ പരിചയം ഇല്ലാത്തവർ പോലും പരസ്പരം കണ്ടോ കണ്ടോ എന്ന് ചോദിക്കുന്ന ഒരു സിനിമ!

മലയാളികളുടെ മനസ്സിൽ റീ യൂണിയൻ എന്ന ആശയത്തിന്റ വിത്തുകൾ ആഴത്തിൽ പാകിയ, മലയാളസിനിമയുടെ ചരിത്രത്തിൽ അന്ന് വരെയുള്ള ഏറ്റവും വലിയ ബോക്സ്റ്റോഫീസ് കളക്ഷൻ നേടിയ ആ സിനിമയാണ് ക്ലാസ്സ്മേറ്റ്സ്.

ജെയിംസ് ആൽബർട് ന്റെ തിരക്കഥയിൽ ലാൽ ജോസ് ഒരുക്കിയ ക്ലാസ്സ്മേറ്റ്സ് അക്ഷരാർത്ഥത്തിൽ കേരളം മുഴുവൻ തരംഗമായി മാറുകയായിരുന്നു. നൊസ്റ്റാൾജിയ എന്ന വികാരവും അന്തർമുഖരായ ആളുകളുടെ നിശബ്ദ പ്രണയവും പയസ്സും BBC യും പഴന്തുണിയും വാല് വാസുവും എസ്തപ്പാനച്ഛനും ഒക്കെ ഒരുക്കിയ തമാശകളും അവസാനം വരെ സസ്പെൻസ് നിറഞ്ഞ കുറ്റന്വേഷണവും അലക്സ് പോളും വയലാർ ശരത് ചന്ദ്ര വർമ്മയും ഒരുക്കിയ മനോഹര ഗാനങ്ങളും രാജീവ് രവിയുടെ മികവുറ്റ ഛായാഗ്രഹണവും ഒക്കെ നിറഞ്ഞ ഈ സിനിമയെ മലയാളികൾ ഇരു കയ്യും നീട്ടി സ്വീകരിച്ചു.

ചില സിനിമക്കഥകൾ

1)രസികൻ എന്ന സിനിമയുടെ പരാജയത്തെ തുടർന്ന് എറണാകുളത്തു ഒരു ഫ്ലാറ്റിൽ ആരേയും അഭിമുഖികരിക്കാൻ താല്പര്യം ഇല്ലാതെ ഇരിക്കുന്ന സമയത്താണ് സുഹൃത്തും നടനുമായ സാദിക്ക്, തന്റെ സുഹൃത്തും സീരിയൽ എഴുത്തുകാരനുമായ ജെയിംസ് ആൽബർട്ടിന്റെ കയ്യിൽ ഒരു കഥ ഉണ്ട് എന്ന് പറയുന്നത്.വലിയ താല്പര്യം ഇല്ലായിരുന്നു എങ്കിലും കേട്ടു തുടങ്ങിയതോടെ ലാലു കഥയിലേക്ക് ലയിച്ചു. ജെയിംസ് ബാംഗ്ലൂർ പശ്ചാത്തലമായി പറഞ്ഞ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ കഥ പിന്നീട് കേരള പശ്ചാത്തലത്തിലേക്ക് പറിച്ചു നടപ്പെട്ടു.ജെയിംസ് പഠിച്ച കൊല്ലത്തെ ഫാത്തിമ കോളേജിലെ ഓർമ്മകളും ലാലുവിന്റ ഒറ്റപ്പാലം NSS കോളേജിലെ ഓർമകളും കൂടി ആയപ്പോൾ സിനിമ പൂർണമായും മലയാളികളുടെ നൊസ്റ്റാൾജിയയായി മാറി.

2)നരേൻ ചെയ്ത മുരളി എന്ന കഥാപാത്രം കുഞ്ചാക്കോ ബോബനെ മനസ്സിൽ കണ്ടാണ് എഴുതിയത്. എന്നാൽ ചില കാരണങ്ങളാൽ അദ്ദേഹം ആ വേഷം നിരസിക്കുകയാണ് ഉണ്ടായത്.

3)ജെയിംസ് ആൽബർട് സിനിമയുടെ കഥ പറഞ്ഞപ്പോൾ കാവ്യ മാധവൻ കരയുകയാണ് ഉണ്ടായത്. നായിക എന്ന് പറഞ്ഞു വിളിച്ചിട്ട് നായിക കഥാപാത്രം അല്ല തനിക്ക് ലഭിച്ചത് , റസിയ ആണ് കഥയിലെ നായിക എന്നതായിരുന്നു പ്രശ്നം. തനിക്ക് റസിയയുടെ കഥാപാത്രം മതി എന്ന് അവർ ഉറപ്പിച്ചു പറഞ്ഞു. എന്നാൽ അതൊരു രഹസ്യകഥാപാത്രം ആയതിനാൽ തന്നെ ഒരു പുതുമുഖം ചെയ്താലേ കൂടുതൽ effect ഉണ്ടാകൂ എന്നും കാവ്യ ചെയ്താൽ ആളുകൾ ഉറപ്പായും ആ suspense തിരിച്ചറിയും എന്ന് പറഞ്ഞും ലാൽ ജോസ് ഒരു വിധത്തിൽ കാവ്യയെ താരയുടെ വേഷത്തിൽ അഭിനയിപ്പിച്ചു.

4)സിനിമയിൽ കോളേജ് ആയി കാണിക്കുന്നത് കോട്ടയം CMS കോളേജും ബോയ്സ് ഹോസ്റ്റലായി കാണിക്കുന്നത് നാട്ടകം govt കോളേജ് ഹോസ്റ്റലുമാണ്. ആകെ 34 ദിവസം കൊണ്ടാണ് ഷൂട്ടിംഗ് പൂർത്തിയാക്കിയത്.

5)ഈ സിനിമ തമിഴിൽ നിനൈതാലേ എനിക്കും എന്നപേരിലും തെലുഗു മറാത്തി ഭാഷകളിൽ Classmates എന്ന പേരിലും റീമേക്ക് ചെയ്യപ്പെട്ടു.

6)മികച്ച ജനപ്രിയ ചിത്രത്തിനും മികച്ച കഥക്കുമുള്ള സംസ്ഥാന സർക്കാർ പുരസ്കാരങ്ങൾ ഈ സിനിമക്ക് ലഭിച്ചു.

7)സിനിമയുടെ ആദ്യ ദിവസം എറണാകുളത്തെ തീയേറ്ററിൽ നിന്ന് 2nd Show കണ്ടപ്പോൾ ആണ് നടി രാധികയ്ക്ക് തന്റെ റസിയ എന്ന കഥാപാത്രം ആദ്യം മുതൽ ഇത്രയും connected ആണെന്ന് തന്നെ മനസിലായത്. സിനിമ കണ്ട് തിയേറ്ററിനു പുറത്തിറങ്ങിയ രാധിക തന്റെ കഥാപാത്രം എങ്ങനെ ആവും ആളുകൾ സ്വീകരിക്കും എന്ന ടെൻഷനിൽ ഇരിക്കുമ്പോൾ ആണ് , സിനിമ കഴിഞ്ഞു പുറത്തിറങ്ങിയ ഒരു പ്രായമായ അമ്മ രാധികയെ തിരിച്ചറിയുന്നതും കെട്ടി പിടിച്ചു ഒരു ഉമ്മ കൊടുക്കുന്നതും. ആ കഥാപാത്രത്തെ എങ്ങനെ മലയാളികൾ സ്വീകരിച്ചു എന്നതിന് ഇതിലും വലിയ ഉദാഹരണം വേറേ വേണ്ടല്ലോ..

ഈ ഹൈ സ്പീഡ് യുഗത്തിൽ റീ യൂണിയൻ എന്നൊക്കെ പറഞ്ഞാൽ പ്രാക്ടിക്കൽ ആണോ? ആർക്കാണ് ഇതിനൊക്കെ സമയം അതും 10-15 വർഷം കഴിഞ്ഞ്.. ഈ കഥയൊക്കെ ജനങ്ങൾ സ്വീകരിക്കാൻ തീരെ സാധ്യതയില്ല.. സിനിമ ഇറങ്ങുന്നതിന് മുൻപ് ഒരുപാട് സിനിമ പ്രവർത്തകർ സംവിധായകനെ ഇങ്ങനെയാണ് ഉപദേശിച്ചത്. പക്ഷെ ഈ സിനിമ സമൂഹത്തിൽ ഇത്രക്ക് direct impact ഉണ്ടാക്കും എന്ന് ആരും കരുതിയില്ല.പഴയ ഓർമ്മകളെ പഴയ സൗഹൃദങ്ങളെ എല്ലാം അത് മനസ്സിൽ നിന്ന് തട്ടിയുണർത്തിക്കൊണ്ടിരുന്നു...

"കാലം ഇനിയും ഉരുളും വിഷു വരും വർഷം വരും.. പിന്നെ ഓരോ തളിരിലും പൂ വരും കായ് വരും..അപ്പോൾ ആരെന്നും എന്തെന്നും ആർക്കറിയാം"